**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5512        24.05.2017-ൽ മറുപടിക്ക്**

**പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഉമ്മർ | ശ്രീ. പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) പോലീസുകാർ ഉൾപ്പെടുന്ന കുറ്റകൃത്യങ്ങൾ വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) പോലീസ് ഉദ്യോഗസ്ഥർക്കെതിരായ പരാതികളിൽ സമയബന്ധിതമായി നടപടി സ്വീകരിച്ച് മെച്ചപ്പെട്ട പ്രവർത്തനമാണ് അതോറിറ്റി നടത്തി വരുന്നത്. അതോറിറ്റിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് കേന്ദ്ര അന്വേഷണ ഏജൻസികളിൽ പ്രവർത്തിച്ചിട്ടുള്ളതും എന്നാൽ കേരള പോലീസിൽ പ്രവർത്തിച്ചിട്ടില്ലാത്തതുമായ പോലീസ് സൂപ്രണ്ടിന്റെ റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ ചീഫ് ഇൻവെസ്റ്റിഗേഷൻ ഓഫീസറായി നിയമിക്കുന്നതിന് 25.04.2017 ലെ സ.ഉ (സാ) നമ്പർ 1036/17/ആഭ്യന്തരം പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ബി) ഇത്തരം കേസുകളുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെയുള്ള റിപ്പോർട്ടുകൾ തയ്യാറാക്കി നൽകുന്നതിൽ മേലധികാരികൾ അനാവശ്യമായ കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(സി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ? | (ബി) യും (സി) യും അതോറിറ്റി ശിപാർശ ചെയ്യുന്ന റിപ്പോർട്ടുകളിൻമേൽ സംസ്ഥാന പോലീസ് മേധാവിയും ബന്ധപ്പെട്ട യൂണിറ്റ് മേധാവികളും ഉചിതമായ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**